ഉടൻ
പ്രസിദ്ധീകരിക്കുന്നതി
ന്
ജൂൺ 2021
www.justice.gov

CRT
202-514-2007
TTY 866-544-5309

# ടെക്സാസിലെ ഫോർട്ട് ബെൻഡ് കൗണ്ടിയിലെ കോടതികളുടെ ഭാഷാ ആക്സസും പ്രതികാര അന്വേഷണവും നീതിന്യായ വകുപ്പ് തീർപ്പാക്കുന്നു

**വാഷിംഗ്ടൺ** - പരിമിതമായ ഇംഗ്ലീഷ് പ്രാവീണ്യം (LEP) ഉള്ളവർക്ക് കോടതിയിലേക്കുള്ള സ്വീകാര്യത മെച്ചപ്പെടുത്തുന്നതിനായി ഫോർട്ട് ബെൻഡ് കൗണ്ടിയുമായി (FBC) നീതിന്യായ വകുപ്പ് ഒരു ഒത്തുതീർപ്പ് കരാർ പ്രഖ്യാപിച്ചു.

1964 ലെ പൗരാവകാശ ഉത്തരവിലെ ശീർഷകം ആറിന്റെ ലംഘനത്തിലൂടെ എഫ്ബിസി (FBC) കോടതികൾ മാതൃരാജ്യത്തെ അടിസ്ഥാനമാക്കി എൽഇപി (LEP) കോടതി ഉപയോക്താക്കളോട് വിവേചനം കാണിക്കുകയും പരാതിക്കാരനോട് പ്രതികാരം ചെയ്യുകയും ചെയ്യുന്നുവെന്ന ആരോപണത്തെക്കുറിച്ചുള്ള ഒരു നീതിന്യായ വകുപ്പ് അന്വേഷണത്തിന് ഈ കരാർ വഴി പരിഹാരം കാണുന്നു. എഫ്ബിസി (FBC) പോലുള്ള, ഫെഡറൽ സാമ്പത്തിക സഹായം സ്വീകരിക്കുന്നവർ വർഗ്ഗം, നിറം അല്ലെങ്കിൽ മാതൃരാജ്യം എന്നിവയുടെ അടിസ്ഥാനത്തിലുള്ള വിവേചനം കാണിക്കുന്നത് ശീർഷകം ആറ് പ്രകാരം നിരോധിക്കുന്നു. എൽഇപി (LEP) ആയ ആളുകൾക്ക് കോടതി സംവിധാനങ്ങൾ മനസ്സിലാക്കുന്നത് പ്രയാസകരമാക്കുന്ന ഭാഷാ തടസ്സങ്ങൾ വകുപ്പിന്റെ അന്വേഷണത്തിൽ കണ്ടെത്തി. ഈ തടസ്സങ്ങളിൽ, എൽഇപി (LEP) ക്രിമിനൽ പ്രതികൾ അപേക്ഷാ നടപടികളിൽ യോഗ്യതയുള്ള ഒരു വ്യാഖ്യാതാവിന് പകരം ദ്വിഭാഷാ അറ്റോർണിയെ ഉപയോഗിക്കുന്നതിനും, കുട്ടികളുടെ കസ്റ്റഡി കേസുകളിൽ എൽഇപി (LEP) രക്ഷകർത്താക്കൾക്ക് ഉയർന്ന കോടതി ചെലവുകൾക്ക് ഇടയാക്കുന്നതിനും ഈ നയങ്ങൾ കാരണമാകുകയും ചെയ്യുന്നുണ്ട്.

“പരിമിതമായ ഇംഗ്ലീഷ് പ്രാവീണ്യമുള്ള ആളുകൾക്ക് ഞങ്ങളുടെ നീതിന്യായ വ്യവസ്ഥയിലേക്ക് ഫലപ്രദമായ പ്രവേശനം നിഷേധിക്കുന്ന ഭാഷാ തടസ്സങ്ങൾ നേരിടുമ്പോൾ അവരുടെ കുട്ടികൾ, വീടുകൾ, മൗലികാവകാശങ്ങൾ എന്നിവ നഷ്ടമാകും,” പൗരാവകാശ വിഭാഗത്തിലെ അസിസ്റ്റന്റ് അറ്റോർണി ജനറൽ ക്രിസ്റ്റൻ ക്ലാർക്ക് പറഞ്ഞു. തുല്യനീതിയിലേക്ക് ആളുകൾക്ക് പ്രവേശനം

നിഷേധിക്കുന്ന തടസ്സങ്ങൾ കോടതികൾ നീക്കംചെയ്യുന്നുവെന്ന് ഉറപ്പാക്കുന്നതിനായി പൗരാവകാശ വിഭാഗം പോരാട്ടം തുടരും. പൗരാവകാശ നിയമത്തിന്റെ ശീർഷകം ആറിന് അനുസൃതമായി കോടതി ഉപയോക്താക്കൾക്ക് ഭാഷാ സ്വീകാര്യത ഉറപ്പാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിച്ച ഫോർട്ട് ബെൻഡ് കൗണ്ടിയെ ഞാൻ അഭിനന്ദിക്കുന്നു. "

"ഫോർട്ട് ബെൻഡ് ഞങ്ങളുടെ ജില്ലയിലെ ഏറ്റവും വൈവിധ്യമാർന്ന കൗണ്ടികളിലൊന്നാണ്," ടെക്സാസിലെ സതേൺ ഡിസ്ട്രിക്റ്റിന്റെ ആക്റ്റിംഗ് യുഎസ് അറ്റോർണി മാർക്ക് ഡൊനെല്ലി പറഞ്ഞു. "ഈ ഉടമ്പടി മാതൃരാജ്യത്തെയോ പരിമിതമായ ഇംഗ്ലീഷ് വൈദഗ്ധ്യത്തെയോ പരിഗണിക്കാതെ എല്ലാവർക്കും ഞങ്ങളുടെ കോടതികളിലേക്ക് പ്രവേശനം നൽകുന്നുവെന്ന് ഉറപ്പാക്കും."

കരാർ അനുസരിച്ച്, എഫ്ബിസി (FBC) കോടതികളിൽ സിവിൽ, ക്രിമിനൽ കേസുകളിൽ എൽഇപി (LEP) വ്യക്തികൾക്ക് യാതൊരു ചിലവും ഇല്ലാതെ ഇന്റർപ്രെറ്റർ സേവനങ്ങൾ ലഭ്യമാക്കും. അടുത്ത വർഷം എഫ്ബിസി (FBC) കോടതികൾ അതിന്റെ ഭാഷാ ആക്സസ് പദ്ധതികൾ അവലോകനം ചെയ്യും, എഫ്ബിസി(FBC) കോടതികൾക്കായി ശീർഷകം ആറിന്റെ നിർബന്ധിത പരിശീലനം വികസിപ്പിക്കും, ശീർഷകം ആറിന്റെ റീട്ടാലിയേഷൻ പരിശീലനം നൽകുകയും ഇംഗ്ലീഷ് ഇതര ഭാഷകളിൽ ശീർഷകം ആറിന്റെ വിവേചന വിരുദ്ധ നയവും പരാതി പ്രക്രിയയും വിശദീകരിക്കുന്ന പൊതു അറിയിപ്പുകളും നൽകും. ഇവയും മറ്റ് ആവശ്യകതകളും വകുപ്പ് രണ്ട് വർഷത്തേക്ക് നിരീക്ഷിക്കും. കോടതി ചെലവുകൾക്കായി ഒരു എൽഇപി (LEP) കോടതി ഉപയോക്താവിനും പ്രതികാരം ആരോപിക്കുന്ന ഒരു വ്യക്തിക്കും നഷ്ടപരിഹാരം നൽകാനും എഫ്ബിസി (FBC) സമ്മതിച്ചു.

ശീർഷകം ആറ് നടപ്പാക്കുന്നതിന് പൗരാവകാശ വിഭാഗം ഏറെ മുൻഗണന നൽകുന്നു. പൗരാവകാശ വിഭാഗത്തെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ അതിന്റെ വെബ്സൈറ്റായ www.justice.gov/crt-ൽ ലഭ്യമാണ്. കൂടാതെ പരിമിതമായ ഇംഗ്ലീഷ് പ്രാവീണ്യം, ശീർഷകം ആറ് എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ www.lep.gov-ൽ ലഭ്യമാണ്. പൊതുജനങ്ങൾക്ക് സാധ്യമായ പൗരാവകാശ ലംഘനങ്ങൾ https://civilrights.justice.gov/report/ ൽ റിപ്പോർട്ട് ചെയ്യാം.